# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 891 — 12.12.2012 ൽ മറുപടിയ്ക്ക്

### ചമ്രവട്ടം ബ്രിഡ്ജ് കം – റഗുലേറ്ററിലെ ചോർച്ച

ചോദ്യം : ശ്രീ. എം. ഉമ്മർ

ഉത്തരം : ശ്രീ.പി.ജെ.ജോസഫ്
ജലവിഭവ വകുപ്പ് മന്ത്രി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ചമ്രവട്ടം ബ്രിഡ്ജ് കം – റഗുലേറ്ററിലെ ചോർച്ചയും പിയറിലെ വിള്ളലും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ഉണ്ട്. പരീക്ഷണാർത്ഥത്തിൽ റഗുലേറ്ററിന്റെ ജലസംഭരണി നിറച്ച് ചോർച്ചകളും മറ്റും പരിശോധിക്കുന്ന ഘട്ടത്തിലാണ് ശ്രദ്ധയിൽപ്പെട്ടത്. പിയറിന് യാതൊരു വിധ വിള്ളലും സംഭവിച്ചിട്ടില്ല. പിയറിന്റെ മുകൾഭാഗത്ത് റഗുലേറ്ററിന്റെ ഷട്ടർ പ്രവർത്തിപ്പിക്കുന്നതിനുള്ള ഹോയിസ്റ്റിംഗ് ബ്രിഡ്ജ് ഇരിക്കുന്ന ഭാഗത്തുള്ള പ്ലാസ്റ്ററിംഗിനാണ് ചെറിയ പൊട്ടൽ സംഭവിച്ചിട്ടുള്ളത്. |
| ബി) | ജലചോർച്ച മൂലം ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ ; | ബി) | ജലചോർച്ചമൂലം ഉപ്പുവെള്ളം കയറിയിട്ടില്ല. ചോർച്ച ഉടനെതന്നെ പരിഹരിച്ച് ജലസംഭരണം വീണ്ടും ആരംഭിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത പാളിച്ചയുടെ അടിസ്ഥാനത്തിൽ കൺസ്ട്രക്ഷൻ കമ്പനിക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | സി & ഡി) | ചോർച്ചയുടെ അടിസ്ഥാനത്തിൽ കൺസ്ട്രക്ഷൻ കമ്പനിക്കെതിരെ നടപടികൾ ആവശ്യമില്ല. പണി പൂർത്തീകരിക്കാത്തതിനാലും പരീക്ഷണാടിസ്ഥാനത്തിൽ ജലസംഭരണം നടത്തി ചോർച്ചകൾ പരിഹരിക്കേണ്ട സമയമായതിനാലും, കമ്പനിക്കെതിരെ നടപടി ആവശ്യമില്ല. <br> ഇത്തരം വലിയ ജലസംഭരണികളിൽ പരീക്ഷണാടിസ്ഥാനത്തിൽ ജലസംഭരണം പലതവണ നടത്തി ചോർച്ചകൾക്കുള്ള കാരണങ്ങൾ കണ്ടെത്തുകയും പരിഹരിക്കുകയും ചെയ്തതിനുശേഷം മാത്രമേ സ്ഥിരമായി ജലസംഭരണം നടത്താൻ സാധിക്കുകയുള്ളൂ. |
| ഡി) | എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ